ശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. നഴ്സുമാരുടെ കുറവു നികത്തുന്നതിന് ബീച്ച് ആശുപത്രിയിൽ നിന്നും, ഡബ്ല്യൂ ആന്റ് സി ആശുപത്രിയിൽ നിന്നും 10 നഴ്സുമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## മരുന്ന് കമ്പനികൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക

**159 (817)**ശ്രീ. കെ.റ്റി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾക്ക് മരുന്നുവിതരണം ചെയ്ത വകയിൽ മരുന്നു കമ്പനികൾക്ക് എന്തുതുക കൊടുത്തു തീർക്കാനുണ്ട്;

(ബി) കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതു കാരണം സർക്കാർ ആശുപത്രികൾക്കുള്ള മരുന്നു വിതരണം നിർത്തി വയ്ക്കാൻ ഔഷധ കമ്പനികൾ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിശദ വിവരം ശേഖരിച്ചുവരുന്നു.

## മരുന്നുകളുടെ വിലക്കയറ്റം തടയുവാൻ നടപടി

**160 (818)**ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ മരുന്നുകൾ ഏത് സമയത്തും ലഭ്യമാക്കാനും മരുന്നുകളുടെ വിലക്കയറ്റം തടയുവാനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാനും ഗുണപ്രദമല്ലാത്തവ നിരോധിക്കുവാനും നിലവിലുള്ള സംവിധാനങ്ങൾ ഏതെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു ജനകീയ ഔഷധനയത്തിന് രൂപം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കും മെഡിക്കൽ കോളേജുകൾക്കും ആവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേയ്സ് കമ്മിറ്റി വഴിയാണ് വാങ്ങുന്നത്. ഏതെങ്കിലും മരുന്നിന് ദൗർലഭ്യം ഉണ്ടായാൽ അത് ലോക്കൽ പർച്ചേസ് വഴി വാങ്ങാൻ ആശുപത്രി സൂപ്രണ്ടിന് അധികാരം നൽകിയിട്ടുണ്ട്. മരുന്നുകളുടെ വിലകൾ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ പേയിംഗ് കൗണ്ടറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവ വഴി മിതമായ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly